No.10/2018/SRG/LSGD(11)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018 -ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടറിയേറ്റിലെ അനക്സ് -II ലെ ലയം ഹാളിൽ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം -

30.11.2018 വരെയുള്ള ആകെ പദ്ധതി ചെലവ്44.58 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 46.23ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പത്തനംതിട്ട ജില്ലയിലും (48.02 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (39.9ശതമാനം). 110.73കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 47.24 ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 50.63 ” |
| ജില്ലാ പഞ്ചായത്ത് | 44.1 ” |
| മുനിസിപ്പാലിറ്റി | 38.99 ” |
| കോർപ്പറേഷൻ | 32.47 ” |
| ആകെ | 44.58ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | പത്തനംതിട്ട | 48.02 ശതമാനം |
| 2 | കണ്ണൂർ | 47.41 ” |
| 3 | പാലക്കാട് | 47.09 ” |
| 4 | കൊല്ലം | 46.51 ” |
| 5 | തിരുവനന്തപുരം | 46.3 ” |
| 6 | വയനാട് | 45.5 ” |
| 7 | ഇടുക്കി | 44.65 ” |

| | | |
|---|---|---|
| 8 | മലപ്പുറം | 43.81ശതമാനം |
| 9 | കാസർഗോഡ് | 43.72 ” |
| 10 | കോഴിക്കോട് | 43.33 |
| 11 | തൃശ്ശൂർ | 43.32 ” |
| 12 | കോട്ടയം | 43.19 |
| 13 | ആലപ്പുഴ | 42.23 ” |
| 14 | എറണാകുളം | 39.9 ” |

പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 51.61% | 38.49% | 34.95% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1) 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ഖണ്ഡിക 4.16

**എറണാകുളം ജില്ലാ കളക്ടർ 31.07.2018-ലെ 53052/18/DPC/DPO/EKM നമ്പർ കത്തും കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2018-ലെ A3-377/18/65-ാം നമ്പർ കത്തും**

(i) **കുഴിപ്പള്ളി ഗ്രാമപഞ്ചായത്ത്**

പഞ്ചായത്തിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 43 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ (ഒരാൾക്ക് പരമാവധി 7,500/- രൂപ പ്രോ.നം.64/19 അടങ്കൽ തുക 6,45,000/-) സെപ്റ്റിക് ടാങ്ക് നൽകാൻ ഉദ്ദേശിക്കുന്നു. നൂതന പ്രോജക്ട് എന്ന നിലയിലുള്ള ഈ പ്രോജക്ടിന് ജില്ലാതല സമിതി അനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്

തീരുമാനം:- തീരദേശമായ കുഴിപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മഴക്കാലത്ത് SINGLE PIT ടോയ് ലറ്റുകൾ നിറയുകയും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും ഈ സാഹചര്യത്തിൽ സെപ്റ്റിക് ടാങ്ക് പണിയേണ്ടത് അഭികാമ്യമാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.42**

**തൂണേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 03.08.2018-ലെ 58704/2018/DPC/KKD/CC നമ്പർ കത്തും തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്തും. (SRG/629/18)**

പഞ്ചായത്ത് 2017-18 ൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു (പ്രോ.നം. 80/18 - അടങ്കൽ 4,00,000/- രൂപ) ആകെ ഗുണഭോക്താക്കൾ 50 പേരാണ് 29 പേർക്ക് 2017-18-ൽ ധനസഹായം നൽകി. ശേഷിക്കുന്ന 21 പേർക്ക് 8000 രൂപ വീതം ധനസഹായം നൽകാൻ 2018-19 വർഷം സ്പിൽഓവറായി പ്രോജക്ട് ഉൾപ്പെടുത്തി. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ആയതിനാൽ ബാക്കി വരുന്ന 21 ഗുണഭോക്താക്കൾക്ക് വേണ്ടി ഈ പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2.2 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ഖണ്ഡിക 4.33

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

**ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 6-3235/18-ാം നമ്പർ കത്തുകളും**

(i) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന (പ്രോ.നം.135/19, സ്പന്ദനം അടങ്കൽ 70.00 ലക്ഷം രൂപ) പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗത്തിൽ അനുമതി നൽകി എങ്കിലും പ്രോജക്ടിന്റെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നിർബന്ധമായും നൽകണം.

**നടപടി- എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ**

ഖണ്ഡിക4.40

**തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(3) -ാം നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ കത്തും (SRG/653/18)**

2017-18-ൽ അനുപൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ നാട്ടിക, വാടാനപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 2,50,000/- രൂപ 14,62,250/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്പെഷ്യൽ TSP ചെക്കു മുഖേന തിരികെയടച്ചു. ഈ തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച ഫയൽ രണ്ടാമതും ധനവകുപ്പിന് നൽകിയിട്ടുണ്ട്. ഇനിയും മറ്റേതെങ്കിലും വിശദാംശം ആവശ്യമുണ്ടെങ്കിൽ അതുകൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ മുഖേന വാങ്ങി ധന വകുപ്പിന് നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**
**2)ധനവകുപ്പ്**
**3)ഗ്രാമവികസന കമ്മീഷണർ**

2.3 27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക4.2**

**കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 05.09.2018-ലെ 475/2018/DPC/DPO/KSD / നമ്പർ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.09.2018-ലെ D2-1662/18 -ാം നമ്പർ കത്തും**

ജില്ലാ പഞ്ചായത്ത് 2018-19-ൽ ''കോഴികുഞ്ഞുങ്ങൾക്ക് ജില്ലാതല ഹാച്ചറി'' എന്ന പ്രോജക്ട് (പ്രോ.നം. 13/19, അടങ്കൽ 2018-19-ൽ 75.00 ലക്ഷം രൂപ, അടുത്ത വർഷം 75 ലക്ഷം ആകെ 150.00 ലക്ഷം രൂപ )വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചില്ല. ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ താഴെപ്പറയുന്ന നിർദ്ദേശം അവതരിപ്പിച്ചു

ഹാച്ചറി നിർമ്മിക്കാനുദ്ദേശിക്കുന്നത് ബദിയടുക്ക ഗ്രാമപഞ്ചായത്തിലാണ്. ഇവിടെ മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള 3.20 ഏക്കർ ഭൂമി വിനിയോഗിക്കാനുള്ള വിനിയോഗ അനുമതി മൃഗ സംരക്ഷണ വകുപ്പ നൽകണം. കുടുംബശ്രീയെ ഈ പ്രോജക്ട് നടപ്പാക്കാനായി ഏൽപ്പിക്കണം. കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്ററെ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കണം. ഹാച്ചറിയുടെ നടത്തിപ്പിന് മൃഗ സംരക്ഷണ വകുപ്പ് ആവശ്യമായ സാങ്കേതിക സഹായം നൽകണം. നടത്തിപ്പിനാവശ്യമായ ജീവനക്കാരെ കുടുബശ്രീ നിയമിക്കുകയും പദ്ധതി വരുമാനത്തിൽ നിന്ന് ജീവനക്കാർക്കുള്ള വേതനം ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ പദ്ധതിയുടെ വരുമാനത്തിൽ നിന്ന് വഹിക്കണം. ഹാച്ചറിയുടെ നടത്തിപ്പ് കുടുംബശ്രീക്കായിരിക്കും.

തീരുമാനം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശം യോഗം അംഗീകരിച്ചു. ഇത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. മൃഗ സംരക്ഷണ വകുപ്പിന്റെ സ്ഥലം ഈ ആവശ്യത്തിന് ഉപയോഗിക്കാനുള്ള അനുമതി സംബന്ധിച്ച തുടർ നടപടി ജില്ലാ പഞ്ചായത്തും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും സ്വീകരിക്കണം. കൂടാതെ ഈ മാതൃകയിൽ മൂന്നോ, നാലോ ഹാച്ചറികൾ കൂടി കേരളത്തിൽ സ്ഥാപിക്കാൻ കുടുംബശ്രീ മുൻകൈ എടുക്കണം. ഒരു സ്ഥലത്തും കെട്ടിടം പണിക്കുവേണ്ടി കാത്തിരിക്കാതെ ആവശ്യമെങ്കിൽ കെട്ടിടം വാടകയ്ക്കെടുത്ത് ഹാച്ചറികൾ വേഗത്തിൽ പ്രവർത്തന സജ്ജമാക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**ഖണ്ഡിക4.10**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2018-ലെ P3-436/13-ാം നമ്പർ കത്തും.**

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 1013/19 | വൃക്ക മാറ്റി വച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ | 1.00 കോടി രൂപ |
| 2) 1071/19 | വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള ഉപകരണങ്ങളും മരുന്നും വാങ്ങി നൽകൽ | 50.00 ലക്ഷം രൂപ |

വൃക്ക രോഗികൾക്ക് സഹായം വിതരണം ചെയ്യുന്ന പദ്ധതി 2006-07 മുതൽ നടപ്പാക്കുന്നുണ്ട്. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. മരുന്ന വാങ്ങി ഈ സൊസൈറ്റിക്കു നൽകുകയും സൊസൈറ്റി ഇത് പാലിയേറ്റീവ് സൊസൈറ്റികൾ വഴി രോഗികൾക്ക് നൽകുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മുൻ വർഷങ്ങളിൽ ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കിയതിന്മേൽ ഓഡിറ്റ് പരാമർശമുള്ളതിനാൽ ഈ വർഷം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. 2014-15- ലെ ഓഡിറ്റിലും 01.04.2017 മുതൽ 31.12.2017 വരെ നടന്ന ഓഡിറ്റിലും ഈ പ്രോജക്ടിന്മേൽ കുറിപ്പെഴുതി ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടിന്റെ നടത്തിപ്പ സംബന്ധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ചേർന്ന് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകി.

**തീരുമാനം:-** (i) മുൻ വർഷങ്ങളിൽ ഈ പ്രോജക്ടിന്റെ ഫണ്ടിന്റെ ഉപയോഗം ഗുണഭോക്താക്കളുടെ വിവരം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല എന്നു യോഗം വിലയിരുത്തി. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കണം. നിയമപരമായി സൊസൈറ്റി ഈ രേഖകൾ നിർവഹണ ഉദ്യോഗസ്ഥനോ ജില്ലാ പഞ്ചായത്തിനോ നൽകണം. ഇങ്ങനെ ലഭിക്കുന്ന രേഖകൾ വിശദമായി പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം സർക്കാരിന് റിപ്പോർട്ട് നൽകണം. ഈ നടപടിക്രമങ്ങൾ 31.12.2018 നകം പൂർത്തിയാക്കണം. ഇതു പാലിച്ചില്ലെങ്കിൽ ഈ പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് അന്വേഷിക്കുന്നതിന് വകുപ്പുതലത്തിൽ ഉചിത നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്**

(ii) താഴെപ്പറയുന്ന ഉപാധികളോടെ 2018-19 വർഷത്തിൽ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകുന്നു.

1) വൃക്കരോഗികളുടെ വിശദാംശങ്ങൾ ഗ്രാമസഭാതലത്തിൽ ശേഖരിക്കേണ്ടതും പഞ്ചായത്തുകൾ അംഗീകരിച്ച് ജില്ലാ പഞ്ചായത്തിന് നൽകേണ്ടതുമാണ്.

2) ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) ആയിരിക്കേണ്ടതും പ്രോജക്ട് ജില്ലാ ആശുപത്രി /ജനറൽ ആശുപത്രി/ താലൂക്ക് ആശുപത്രികൾ/ സി.എച്ച്.സി./പി.എച്ച്.സി വഴി നടപ്പാക്കേണ്ടതാണ്. മരുന്ന് വാങ്ങി മുകളിൽ പറഞ്ഞ സൊസൈറ്റി വഴി വിതരണം ചെയ്യാവുന്നതല്ല.

3) രോഗികളുടെ പേര് അഡ്രസ്സ്, കഴിക്കുന്ന മരുന്നുകളുടെ വിവരം തുടങ്ങിയ വിശദമായ വിവരശേഖരണം നടത്തേണ്ടതും ഇത് Primary Health Centre/Community Health Centre കളിൽ ലഭ്യമാക്കേണ്ടതുമാണ്. പുതുതായി രോഗികളെ ചേർക്കേണ്ടത് Primary Health Centre/Community Health Centre വഴി ആയിരിക്കേണ്ടതും പുതുതായി ചേർത്ത രോഗികളുടെ വിവരം തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്

4) മരുന്നുകളുടേയും അനുബന്ധ സാമഗ്രികളുടേയും യഥാർത്ഥ ഇൻഡന്റ് താലൂക്ക് ജില്ലാ /ആശുപത്രി/ജനറൽ ആശുപത്രി/ Primary Health Centre/Community Health Centre വഴി ശേഖരിച്ചതിനു ശേഷമേ പർച്ചേസ് ചെയ്യുവാൻ പാടുള്ളൂ.

5) മരുന്നുകളുടെ വിതരണം പൂർണ്ണമായും താലൂക്ക്/ജില്ലാ ആശുപത്രി/ജനറൽ ആശുപത്രി/താലൂക്ക് Primary Health Centre/Community Health Centre വഴി മാത്രമേ നടത്താവൂ. രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്ക് മരുന്നുകൾ എത്തിച്ചു കൊടുക്കേണ്ടതാണ്. ഇതിനായി കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റികളുടെ വോളണ്ടിയേഴ്സിനേയും പാലിയേറ്റീവ് കെയർ സൊസൈറ്റി അംഗങ്ങളുടേയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

6) വൃക്ക രോഗികളുടെ ഇടയിലും പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ സൊസൈറ്റി മുഖേന നടപ്പാക്കാവുന്നതാണ്.

7) പ്രോജക്ടിന്റെ നടത്തിപ്പും മറ്റു രേഖകളും സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെയും പെർഫോർമൻസ് ഓഡിറ്റിന്റേയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. 2018-19 വർഷത്തെ പദ്ധതി നടത്തിപ്പിനെക്കുറിച്ച് പെർഫോർമൻസ് ഓഡിറ്റ് ഒരു പ്രത്യേക ഓഡിറ്റ് നടത്തേണ്ടതും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതു മാണ്. പ്രസ്തുത റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി മാത്രമേ തുടർ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിന് അനുവാദം പരിഗണിക്കുകയുള്ളൂ.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

ഖണ്ഡിക 4.30

**ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 19.07.2018, 16.08.2018 എന്നീ തീയതികളിലെ 3/CKCL/2017-ാം നമ്പർ കത്തുകൾ ( LSGD- DC1/380/2018/LSGD)**

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (RRF) പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിന്റെ ഭാഗമായി ആദ്യത്തെ ഒരു വർഷം (2018-19-ൽ) തദ്ദേശഭരണ സ്ഥാപനങ്ങൾ 2,06,000/- രൂപ വയബിലിറ്റിഗ്യാപ് ഫണ്ട് ആയി ക്ലീൻ കേരള കമ്പനിക്ക്

നൽകുന്നതിന് 08.02.2018-ലെ ഉത്തരവ് പ്രകാരം തീരുമാനമായിരുന്നു. അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കമ്പനിക്ക് നഷ്ടമുണ്ടാകുന്നതിനാൽ താഴെപ്പറയുന്നവ കൂടി അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

i) തദ്ദേശഭരണ സ്ഥാപനങ്ങൾ MCF കളിൽ നിന്നും തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് RRF ലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് കമ്പനി വ്യവസ്ഥകൾ (ട്രാൻസ് പോർട്ടേഷൻ, കയറ്റിയിറിക്ക് കൂലി, മറ്റുള്ളവയ്ക്കായി ഉണ്ടാകുന്ന ചെലവ്, മെറ്റീരിയൽ ഫസിലിറ്റിയിൽ മാലിന്യം സൂക്ഷിക്കേണ്ടവിധം ബ്ലോക്ക്തല RRFകളുടെ പ്രവർത്തനം മുതലായവ) ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടണമെന്നും ഈ ഇനത്തിലു ണ്ടാകുന്ന ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നുമുള്ള ആവശ്യം

ii) ക്ലീൻ കേരള കമ്പനി മുഖേന മെഷീനറികൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ RRF ന്റെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് ചെലവാകുന്ന തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്ന് ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകണമെന്ന ആവശ്യം

ഇതുവരെ സ്ഥാപിച്ച റിക്കവറി ഫെസിലിറ്റികളുടെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ, ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, കരാറിൽ ഏർപ്പെടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള വിശദാംശങ്ങൾ സഹിതം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കൂടി അഭിപ്രായത്തോടെ റിപ്പോർട്ട് നൽകണം. ഈ റിപ്പോർട്ട് ലഭിച്ചില്ലായെങ്കിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇതുൾപ്പെടുത്തുന്നതല്ല.

**നടപടി- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**2) മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി**

**2.4 16.10.2018 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.9**

അനുപൂരക പോഷകാഹാര പരിപാടിക്ക് കേന്ദ്ര വിഹിതമായി ലഭിച്ചതും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറി നൽകിയതുമായ തുക പല തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അക്കൗണ്ടിൽ ഉണ്ട്. ഇങ്ങനെ പണം അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേര്, തുക, (മുതലും പലിശയും പ്രത്യേകം) തുക ലഭിച്ച വർഷം എന്നീ വിവരങ്ങൾ വകുപ്പുമേധാവികൾ ക്രോഡീകരിച്ച് വകുപ്പിന് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**1) പഞ്ചായത്ത് ഡയറക്ടർ,**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**

**ഖണ്ഡിക 3.10**

DDO കോഡ് ഇനിയും ലഭിച്ചിട്ടില്ലാത്ത നിർവഹണ ഉദ്യോഗസ്ഥർക്ക് ഇത് നൽകുന്നതിനുള്ള നടപടി ധനവകുപ്പിൽ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഗ്രാമവികസന കമ്മീഷണറും തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയറും നൽകിയ ലിസ്റ്റിൽ ഇരട്ടിപ്പുണ്ട്. ഇത് പരിഹരിച്ച നൽകണം. കൊച്ചി കോർപ്പറേഷനിൽ TDOയ്ക്ക് DDO കോഡ് ലഭിച്ചിട്ടില്ലാത്തതിനാൽ റ്റി.എസ്.പി. പ്രോജക്ടുകളുടെ നിർവഹണ ത്തിൽ തടസ്സമുണ്ട്. ഇത് പരിശോധിച്ച് DDO കോഡ് കൊടുക്കുന്നതിന് ധന വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ആവശ്യമായ വിവരം പട്ടിക വർഗ്ഗ വികസന വകുപ്പ ഡയറക്ടർ ധന വകുപ്പിന് നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**2)ധനവകുപ്പ്**
**3)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

**ഖണ്ഡിക 3.11**

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മുഖ്യ നിർവ്വഹണ തദ്ദേശഭരണ സ്ഥാപനത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് കൈമാറുന്ന രീതി മാറ്റി അലോട്ട്മെന്റ് രീതി 03.07.2018 -ലെ 100/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് ഏർപ്പെടുത്തിയിരുന്നു. പെട്ടെന്ന് ഈ ക്രമീകരണം വന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസൗകര്യം പരിഗണിച്ച് 30.09.2018- വരെ പഴയ രീതി തുടരാൻ (ഫണ്ടു കൈമാറുന്ന രീതി) 16.08.2018-ലെ 132/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് അനുമതി നൽകിയിരുന്നു. സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് ഇപ്രകാരം ക്രമീകരണങ്ങൾ നടത്തുന്നത് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ പഴയ രീതി (ഫണ്ട് കൈമാറുന്ന രീതി) തുടരുന്നതിനുള്ള സമയപരിധി 31.03.2019 വരെയാക്കണമെന്ന ആവശ്യം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നു. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് തുടർ നടപടി സ്വീകരിക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**

**ഖണ്ഡിക 4.24**

**എടപ്പറ്റ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2018-ലെ കത്ത് (SRG 852/18 CC-160/18)**

**പ്രോ.നം. 183/18 അടങ്കൽ 14,16,600/- രൂപ (CFC)**

**പേര്: – ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് സജ്ജീകരണം**

2017-18-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. എഗ്രിമെന്റ് വയ്ക്കാതെയും വർക്ക് ഓർഡർ നൽകാതെയും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ (KADCO) ജോലി ഏൽപ്പിച്ചു. 70 ശതമാനം പ്രവർത്തി പൂർത്തിയായി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച് നടപടിക്രമങ്ങൾ പാലിക്കാതെ KADCO യെ പ്രവൃത്തി എൽപ്പിച്ച നടപടി പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ വകുപ്പിന് താഴെ പറയുന്ന റിപ്പോർട്ട് നൽകി.

വർക്ക് ഓർഡർ നൽകുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാതെ പ്രസിഡന്റിന്റെ വാക്കാലുള്ള നിർദ്ദേശവും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ KADCO പ്രവൃത്തി ഏറ്റെടുക്കുകയും 70 ശതമാനത്തോളം ജോലി പൂർത്തിയാക്കുകയും ചെയ്തു. 2018 ജനുവരിയിൽ അസിസ്റ്റന്റ് സെക്രട്ടറി

സെക്രട്ടറിയുടെ ചാർജ്ജ് ഏറ്റെടുത്തപ്പോൾ പ്രവൃത്തിക്ക് സാധുതയില്ലാ എന്ന് മനസ്സിലാക്കി നിർത്തി വയ്പ്പിച്ചു. പരാതിയെ തുടർന്ന് നടന്ന വിജിലൻസ് അന്വേഷണത്തിലും വകുപ്പുതല അന്വേഷണത്തിലും ഗ്രാമപഞ്ചായത്ത് തുകയൊന്നും ചെലവഴിച്ചിട്ടില്ലാത്തതിനാൽ സാമ്പത്തിക അഴിമതി കണ്ടെത്താനായില്ല. കോഓർഡിനേഷൻ കമ്മിറ്റിയിൽ അപേക്ഷ നൽകണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉപയോഗയുക്തമായ ഫണ്ട് കണ്ടെത്താനും പ്രോജക്ട് പുതുക്കി അംഗീകാരം വാങ്ങാൻ ശുപാർശ ചെയ്തിരിക്കുന്നു.

തീരുമാനം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുവദനീയമായ മറ്റു വിഹിതം ഉപയോഗിച്ച് പ്രോജക്ട് ഭേദഗതി വരുത്തി നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

**2.5 31.10.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.4**

SCP/TSP യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും നൽകുന്നതിൽ കാലതാമസം വരുത്താൻ പാടില്ല. ഇതിന്മേൽ പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. സംസ്ഥാനത്താകെ എസ്.സി.പി പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ആവശ്യമുള്ളവയിൽ 361 എണ്ണം ഫീസിഫിൾ അല്ല എന്നും ഇനി നൽകാനുള്ളത് 88 എണ്ണം മാത്രമാണെന്നും എസ്.സി. ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. റ്റി.എസ്.പി. പ്രോജക്ടുകളിൽ ഇനിയും 26 എണ്ണത്തിനു മാത്രമാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും നൽകാനുള്ളതെന്നും ആകെ 19 എണ്ണം ഫീസിബിൾ അല്ലായെന്നും എസ്.റ്റി ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു.

**ഖണ്ഡിക 3.6**

KSEB, KWA, GWD മറ്റ് വിവിധ അക്രഡിറ്റഡ് ഏജൻസികൾ എന്നിവയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത്, പൂർത്തിയാകാതെ സ്പിൽ ഓവറായി കിടക്കുന്ന, ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടെയും പദ്ധതികളുടെ വിശദാംശങ്ങൾ വർഷം, പ്രവൃത്തിയുടെ പേര്, തുക അടിസ്ഥാനത്തിൽ തിരിച്ച് കണക്കുകൾ വകുപ്പ മേധാവികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണം

**നടപടി- 1) നഗരകാര്യ ഡയറക്ടർ**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**

**ഖണ്ഡിക 3.14**

CHC, PHC കളിലേയ്ക്ക് ഉച്ച കഴിഞ്ഞുള്ള ഒ.പി. പ്രവർത്തിക്കുന്നതിന് ഡോക്ടർമാരെ നിയമിക്കാൻ അതതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് PHC കളിലും CHC കളിലും ഡോക്ടർമാരെയും

പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ച വിവരം പഞ്ചായത്ത് ഡയറക്ടറും ഗ്രാമവികസന കമ്മീഷണറും നൽകി.വിവരം താഴെ ചേർക്കുന്നു.

| | തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം | ആകെ CHC/PHC കളുടെ എണ്ണം | ഡോക്ടർമാരെ നിയമിച്ച CHC/PHC കളുടെ എണ്ണം | പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ച CHC/PHC കളുടെ എണ്ണം |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 941 | 957 | 182 | 188 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 261 | 54 | 82 |

## ഖണ്ഡിക 4.13

**പട്ടാമ്പി മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08. 10. 2018ലെ കത്തും പട്ടാമ്പി മുനിസിപ്പൽ സെക്രട്ടറിയുടെ 06.09.2018ലെ A3-10837/17-ാം നമ്പർ കത്ത് (SRG 874/18/ CC 122/18 മുതൽ 129/18 വരെയുള്ള കത്തുകളും 132/18 മുതൽ 142/18 വരെയുള്ള കത്തുകളും)**

2017-18ലെ 18 പ്രോജക്ടുകൾ സാങ്കേതിക അനുമതി ലഭിച്ചിരുന്നുവെങ്കിലും വെറ്റിംഗ് നടപടി കഴിഞ്ഞിരുന്നില്ല. അതിനാൽ 2018-19-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. പ്രോജക്ട് നടപ്പാക്കി. ഇത് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

സുലേഖ സോഫ്ട് വെയറിലുണ്ടായ സാങ്കേതിക തകരാർ മൂലമാണ് വെറ്റിംഗ് നടത്താതെ പ്രോജക്ട് നടപ്പാക്കിയത്. ഇത് ഈ വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് തുക നൽകാൻ ക്രമീകരണം ചെയ്യാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തു.

തീരുമാനം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശ യോഗം അംഗീകരിച്ചു. ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

**നടപടി- 1)എക്സിക്യൂട്ടീവ് ഡയറക്ടർ ഏ.കെ.എം**

## ഖണ്ഡിക 4.18

**കൊണ്ടാഴി ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018- കത്തും കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2018-ലെ B1-4038/17-ാം നമ്പർ കത്തും (SRG 928/18/CC-114/18)**

***പ്രോ.നം 131/19 , 132/19, 133/19***

പഞ്ചായത്ത് ഓഫീസിലേയ്ക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാനായി 3 പ്രോജക്ടുകൾ 2017-18 ൽ എടുത്തത് 2018-19 ൽ സ്പിൽഓവറായി തുടരുന്നുണ്ട്. ഈ ഉപകരണങ്ങൾ വാങ്ങിയത് ചട്ടങ്ങൾ പാലിച്ചല്ല. ബിൽ തുക നൽകുന്നതിന് അനുമതി സംബന്ധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകി. ചട്ടങ്ങൾ പാലിച്ചല്ല കമ്പ്യൂട്ടർ വാങ്ങിയതെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

തീരുമാനം:- 1) ഇതിന്മേൽ വകുപ്പുതലത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആരായണം
2) വാങ്ങിയ ഉപകരണങ്ങളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷനും പരിശോധിച്ച് ഐ.കെ.എം. ശുപാർശ ചെയ്യുന്നതനുസരിച്ച് ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്**
**2)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

## ഖണ്ഡിക 4.22

**കടലുണ്ടി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2018 -ലെ കത്തും കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.10.2018-ലെ കത്ത് (SRG 961/18 CC316/18)**

***പ്രോ.നം 283/19 അടങ്കൽ 4,89,120/- രൂപ (ഇതിൽ 50% ഗുണഭോക്തൃ വിഹിതം50% തനത് ഫണ്ട്)***

***പേര് :- കടലുണ്ടി സ്പോർട്സ് കൗൺസിൽ അത് ലറ്റിക്സ്, ഫുട്ബാൾ പരിശീലനം***

കടലുണ്ടി ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അത് ലറ്റിക്സ്, ഫുട്ബോൾ എന്നിവയ്ക്ക് പരിശീലനം നടത്തുന്നതിനുള്ള പ്രോജക്ട്. മുൻ വർഷങ്ങളിലും ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. 2,44,560/- രൂപ തനത് ഫണ്ടും അത്രയും തുക ഗുണഭോക്തൃ വിഹിതവും. ഇത് നടപ്പാക്കാൻ അനുമതി നൽകുന്നു. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ഉന്നയിച്ച പ്രശ്നം പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ ഉടനെ റിപ്പോർട്ട് നൽകണം.

**നടപടി- 1)പഞ്ചായത്ത് ഡയറക്ടർ**

## ഖണ്ഡിക 4.27

**തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018-ലെ കത്തും പഞ്ചായത്തിന്റെ 30.08.2018-ലെ 157(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം 2/19 ആകെ അടങ്കൽ 1, 52,00,000/- രൂപ***

***പേര് :- ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി***

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട തുവ്വേന്റെതാഴെ ലീല എന്ന ആൾ അർഹതാ പരിശോധനാ സമയത്ത് മേൽക്കൂരവരെ പൂർത്തിയാക്കി. തറ വിസ്തീർണ്ണം 1100 ചതുരശ്ര അടിയാണ്. തറ വിസ്തീർണ്ണം സർക്കാർ നിർദ്ദേശിച്ചതിലും കൂടുതൽ ആയതിനാലും മേൽക്കൂരവരെ പൂർത്തിയായതിനാലും ധനസഹായം അനുവദിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. ബാങ്ക് ലോണിന്റേയും നാട്ടുകാരുടേയും സഹായത്തോടെ നിർമ്മാണം നടത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് . അപേക്ഷകയുടെ ഭർത്താവ് ക്യാൻസർ രോഗിയാണെന്നും ഒരു മകൻ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടതാണെന്നും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

തീരുമാനം:- വീടിന്റെ ഫോട്ടോ, പ്ലാൻ എന്നിവയടക്കം ലൈഫ് ചീഫ്

എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈ വീടിന് തുക നൽകുന്നതിന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തെങ്കിലും ഇത് അപ്രായോഗികമാണെന്ന് യോഗം വിലയിരുത്തി. ഇത് പുനപരിശോധിച്ച് റിപ്പോർട്ട് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി- 1)സി.ഇ.ഒ , ലൈഫ് മിഷൻ**

**3. പൊതു വിഷയങ്ങൾ**

================

3.1 സംസ്ഥാനത്തെ പ്രാഥമികോരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ച കഴിഞ്ഞ പ്രവർത്തനത്തിന് ഓരോ സെന്ററുകളിലേയ്ക്കും ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. CHC/PHC കളുടെ പ്രവർത്തനം ഉച്ച കഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയാക്കുന്നതിന്റെ ഭാഗമായേ ഇപ്രകാരം നിയമനം നടത്താവൂ എന്നും ഡോക്ടർമാരെ ജില്ലാ കളക്ടർ , ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കണമെന്നുമാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ കുടുംബാരോഗ്യ പ്രവർത്തനം സംബന്ധിച്ച മുകളിൽ പറഞ്ഞവയിന്മേൽ ഭേദഗതികൾ വരുത്തണമെന്ന ആർദ്രം മിഷന്റ ആവശ്യം യോഗം പരിശോധിച്ച് താഴെ പറയും പ്രകാരം തീരുമാനമെടുത്തു

i). പഞ്ചായത്തിൽ നിന്നും നേരിട്ട് നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാതലത്തിൽ ഇന്റർവ്യൂ നടത്തിയെടുക്കുന്ന രീതി അവലംബിക്കാൻ അനുമതി നൽകുന്നു.

ii) നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകാവുന്നതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

iii) മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്നവർ ഉച്ച കഴിഞ്ഞത്തെ സേവനം മാത്രം നടത്തുന്ന രീതിയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണിവരെ സേവനം നടത്തുന്നതിന് ഒരു ടീമായി പ്രവർത്തിക്കുന്നതിനും മറ്റു ഡോക്ടർമാരുമായി ചേരണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം, ഉപകേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. എന്നാൽ ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണി വരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും നഴ്സുമാരും ഉണ്ട് എന്നുറപ്പ വരുത്തണം.

iv) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിർബന്ധമായും അധികമായി ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.2 വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായത്തിനു പുറമേ 5000/- രൂപ വീതം പ്രതിമാസം നൽകുന്നതിനും ഇതിന് അനുയോജ്യമായ സൗകര്യം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. ഈ കലാകാരന്മാരെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാംസ്കാരിക വകുപ്പ് വ്യന്യസിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

വാർഷിക പദ്ധതി ഭേദഗതി സമയത്ത് ഇതിനു കൂടി പ്രോജക്ട് തയ്യാറാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.3 അംഗനവാടി അദ്ധ്യാപകർക്കും സഹായിക്കും നൽകേണ്ട അധിക വേതനം നൽകാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ തുക സാമൂഹ്യ നീതി വകുപ്പിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് ധന വകുപ്പ് നിർദ്ദേശിച്ചിരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് ഇത് സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. ഇപ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ മറ്റു ബില്ലുകളും മാറുന്നതിന് തടസ്സമുണ്ട്. കാലതാമസമൊഴിവാക്കാൻ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സാംഖ്യ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു. ഇതിന്മേലുള്ള ഉത്തരവ് അടിയന്തിരമായി നൽകണം. പിന്നീട് മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്തോ, സേവിംഗ്സ് ഉപയോഗിച്ചോ ഈ തുക കണ്ടെത്തണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.4 ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള 'ക്യൂ' ബില്ലിൽ ഉൾപ്പെട്ടുപോയ പ്രോജക്ടുകൾക്ക് പ്രത്യേകമായി സർക്കാർ വിഹിതം അനുവദിച്ചു നൽകിയിരുന്നു. ഈ തുക നൽകാൻ സാംഖ്യയിൽ പ്രത്യേക ക്രമീകരണം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പ്രോജക്ടിൽ ഭേദഗതി വരുത്താവുന്നതല്ല. എന്നാൽ ചില പ്രോജക്ടുകളുടെ പാർട്ട് ബിൽ ആണ് 'ക്യൂ' ലിസ്റ്റിൽപ്പെട്ടത്. അവയുടെ ശേഷിക്കുന്ന വിഹിതം നൽകാൻ പ്രോജക്ട് ഭേദഗതി ചെയ്യേണ്ടി വരുന്നുണ്ട്. ഇങ്ങനെ ഭേദഗതി വരുത്തിയാൽ ഇപ്പോഴത്തെ രീതി അനുസരിച്ച് ഈ തുക നൽകാൻ കഴിയുന്നില്ല. ഇത് പ്രത്യേകമായി പരിശോധിച്ച് വേണ്ട ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

3.5 ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കാതെയും, എസ്റ്റിമേറ്റ് ലഭിക്കാതെയും തദ്ദേശഭരണ സ്ഥാപനങ്ങൾ തുക KWA, KSEB തുടങ്ങിയ സ്ഥാപനത്തിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്. ഈ തുക എന്താവശ്യത്തിനാണെന്നു കണ്ടെത്തുന്നതിനോ തുക ചെലവഴിക്കുന്നതിനോ സാധിക്കുന്നില്ലായെന്നും ഈ സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബഹു.മന്ത്രിയുടെ ജില്ലാതല യോഗങ്ങളിൽ അറിയിച്ചിരുന്നു.

തീരുമാനം:- കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക ഈ സ്ഥാപനങ്ങൾക്ക് കൈമാറാവൂ എന്നും തുകയുടെ ഉപയോഗവും പ്രോജക്ട് നിർവഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തണമെന്നും

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.6 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2.50 ലക്ഷത്തിലധികം അടങ്കലുള്ള ചില പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേന ചെയ്യുന്നുണ്ട്. (ഉദാ.PTA) ഇത്തരം ഏജൻസികൾക്ക് GST രജിസ്ട്രേഷൻ ഇല്ലാതെ ബില്ലുമാറാൻ ബുദ്ധിമുട്ടുണ്ട് എന്ന് ബഹു.മന്ത്രിയുടെ ജില്ലാതല യോഗങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിച്ചിരുന്നു. ഇതിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച കുറിപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചനീയർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

3.7 കമ്പ്യൂട്ടർ വാങ്ങുന്നതിന് KELTRON ൽ പണമടച്ചുവെങ്കിലും കമ്പ്യൂട്ടർ ലഭിക്കാൻ വളരെക്കാലമെടുക്കുന്നുവെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ബഹു.മന്ത്രിയുടെ അവലോകനയോഗത്തിൽ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച വിശദാംശം , (തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം, തുക, കമ്പ്യൂട്ടറുകളുടെ എണ്ണം) വകുപ്പുമേധാവികൾ നൽകണം. ഇതു ലഭിച്ചതിനുശേഷം KELTRON എം.ഡിയുമായി ഇതു ചർച്ച ചെയ്യാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

3.8 2018-19-ലെ വാർഷിക പദ്ധതി താഴെപ്പറയുന്ന നിബന്ധനകളോടെ ഭേദഗതി ചെയ്യാൻ അനുമതി നൽകുന്നു. ഇത്തരം ഭേദഗതികൾ വരുത്തി പ്രോജക്ടുകൾ 15.12.2018-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം. ഇതിനുള്ള ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.8.1 വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ

3.8.2 സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: ശുചീകരണ പ്രോജക്ടുകൾ) ഉൾപ്പെടുത്തുന്നതിന്

3.8.3 ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുമുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

3.8.4 കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തുന്നതിന്

3.8.5 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്

3.8.6 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പിയിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കുന്നതിന്

3.8.7 ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

3.8.8 ധനവകുപ്പിന്റെ 25.07.2018-ലെ 6345/2018/ധന നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും നൽകേണ്ട 6 മാസത്തെ അധിക തുക സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം. ഈ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതിയും ഈ തുകയ്ക്കു വേണ്ട പ്രോജക്ടുകളും തയ്യാറാക്കുന്നതിന്

3.8.9 സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം ശുചിത്വ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന്

3.8.10 കാറ്റഗറി 1-ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി II ലേയ്ക്ക് മാറ്റേണ്ടി വന്നാൽ ഇത്തരം പ്രോജക്ടുകൾക്ക് തുക കണ്ടെത്തുന്നതിനുള്ള ഭേദഗതി.

3.8.11 ലൈഫ് പദ്ധതിയിൽ വികസന ഫണ്ടിന്റെ 20 ശതമാനമെങ്കിലും തുക വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന് കൂടുതൽ തുക ഈ ഇനത്തിൽ വകയിരുത്തുന്നതിനു താൽപര്യമുണ്ടെങ്കിൽ അനിവാര്യ സ്വഭാവമില്ലാത്ത മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്തോ ഉപേക്ഷിച്ചോ തുക കണ്ടെത്താവുന്നതാണ്.

3.8.12 വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാരുടെ സേവനം സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് സാംസ്കാരിക വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ഇവരെ വ്യന്യസിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരം ഇവർക്ക് അധിക ധനസഹായം

നൽകുന്നതിനും മറ്റ സൗകര്യങ്ങൾ നൽകുന്നതിനും പ്രോജക്ക് തയ്യാറാക്കണം നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ പ്രോജക്റ്റ് തയ്യാറാക്കിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്റ്റ കൾ ഭേദഗതി ചെയ്ത് തുക കണ്ടെത്താവുന്നതാണ്.

3.8.13 ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കൽ

3.8.14 മുകളിൽ പറഞ്ഞവ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീർത്തും അനിവാര്യമാണെന്നു തോന്നുന്ന ഭേദഗതികൾ വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണ്. ഇത് അനിവാര്യമാണോ എന്ന് ജില്ലാ ആസൂത്രണസമിതി പ്രത്യേകമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം.

3.8.15 ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ ഖണ്ഡിക 1.2 -ൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ 23.08.2018-ലെ 2313/18/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.8.16 വാർഷിക പദ്ധതിയിൽ മുകളിൽ പറഞ്ഞ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വെറ്റിംഗും സാങ്കേതികാനുമതിയും വാങ്ങി 15.12.2018-നകം ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി അംഗീകാരം ഇല്ലാതെ ഭേദഗതി പ്രോജക്ടുകളുടെ ബില്ലുകൾ മാറാൻ കഴിയില്ല എന്നതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.9 വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നത് ഭാര്യയുടേയും ഭർത്താവിന്റേയും ജോയിന്റ് അക്കൗണ്ടിലൂടെയാകണമെന്നാണ് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്നത്. ജോയിന്റ് അക്കൗണ്ട് വേണമെന്ന നിബന്ധന ഒഴിവാക്കി ഗൃഹനാഥന്റേയോ, ഗൃഹനാഥയുടെയോ അക്കൗണ്ടു മതിയെന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.10 നഗരസഭകളുടെ ഭവന നിർമ്മാണ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷന്റേയും ഭവന നിർമ്മാണ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ വെറ്റ ചെയ്യേണ്ടതാണ്

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.11 പല പ്രോജക്ടുകളുടേയും നിർവഹണം സംബന്ധിച്ച് ഐ.കെ.എം. സുലേഖ അടക്കമുള്ള സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തുന്നത് സംബന്ധിച്ച് പല തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്. ഇത്തരം ആവശ്യങ്ങൾ ഇനി കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ടതില്ലെന്നും ഇവ എസ്.ആർ.ജി. തലത്തിൽ പരിശോധിച്ച് ഐ.കെ.എം.നെ അറിയിക്കുന്ന മുറയ്ക്ക് ആവശ്യമായ ക്രമീകരണം ചെയ്യാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.12തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ വർക്കുകളുടെ സാങ്കേതികാനുമതി നൽകാനും മറ്റും ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ സാങ്കേതികാനുമതി നൽകാനുള്ള പരിധി കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.2018-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 25.11.2018-ലെ 2996/18 തസ്വഭവ ഉത്തരവു പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിധിക്കൊപ്പമാക്കി യിട്ടുണ്ട്.

കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക് പ്രവൃത്തികൾ അധികമുള്ളതിനാൽ കോർപ്പറേഷന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനായി കോർപ്പറേഷനിൽ തലത്തിലും ഇത്തരം കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. ഇതിന്റെ കൺവീനർ കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയിരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

3.13 ബിറ്റുമിന്റെ വില വർദ്ധനവുമൂലം അധിക തുക പ്രോജക്ടിൽ വകയിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 13.11.2018-ലെ 9386/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക തുക ആവശ്യമുള്ള ഓരോ പ്രോജക്ടും ഭേദഗതി ചെയ്തോ എല്ലാ പ്രോജക്ടുകൾക്കും കൂടി ആവശ്യമുള്ള അധിക തുകയ്ക്ക് ഒരു പ്രോജക്ടായോ തയ്യാറാക്കാവുന്നതാണ്. ഇതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.14 ഡിജിറ്റൽ LSGI നെ കുറിച്ച് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ അവതരണം നടത്തി. ആവശ്യമായ ഭേദഗതി വരുത്തി അന്തിമമാക്കാനുന്‍ എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ്**

3.15 സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ടെന്ന് സ്റ്റേറ്റ് ലെപ്രസി ഓഫീസർ യോഗത്തിൽ അറിയിച്ചു. തിരുവനന്തപുരം , എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് കൂടുതൽ. ഈ രോഗം തുടക്കത്തിലേ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിന്റെ ഭാഗമായി സർവ്വേ നടത്തുന്നുണ്ട്. ഇതിന് ആവശ്യമായ സഹായം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകണം. ഇത് ജില്ലാ ആസൂത്രണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഡി.പി.സി. ചെയർ പേഴ്സൺ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ്

ഓഫീസർ എന്നിവരുമായി ബന്ധപ്പെടണമെന്ന് സ്റ്റേറ്റ് ലെപ്രസി ഓഫീസറോട് യോഗം നിർദ്ദേശിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**3.16** സംസ്ഥാനത്ത് വെള്ളപ്പൊക്കം കാരണം ഉപയോഗ ശൂന്യമായ 83506 ശൗചാലയങ്ങൾ ഉണ്ട്. ഇവ സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ഛ ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 5000/- രൂപ അനുവദിക്കുന്നുണ്ട്. ബാക്കി തുക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അതത് ഗ്രാമപഞ്ചായത്തിന് വകയിരുത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

====================

**4.1 <u>ആലംകോട് ഗ്രാമപഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്ത്.</u>**
**<u>ആലംകോട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 05.10.2018-ലെ A2 - 4395/17-ാം നമ്പർ കത്തും 31.07.2018-ലെ 1(6)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

2016-17-ൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 84/17 - അടങ്കൽ 11,02,500/- രൂപ) യൂണിറ്റ് നിരക്ക് 10,500/- രൂപ. ഗുണഭോക്താക്കൾ 105. 2016-17-ൽ 50 ഗുണഭോക്തക്കൾക്ക് പ്ലാന്റ് നൽകി. 2017-18 വർഷവും 2018-19 വർഷവും ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. 2016-17 വർഷം ഗുണഭോക്തൃ വിഹിതം പഞ്ചായത്തിലേയ്ക്ക് അടച്ച ഗുണഭോക്താക്കൾക്ക് അതേ വർഷത്തെ സബ്സിഡി മാനദണ്ഡപ്രകാരം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ**

**4.2 <u>ആലംകോട് ഗ്രാമപഞ്ചായത്ത്</u>**

**<u>ആലംകോട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 05.10.2018-ലെ A2 - 2484/17-ാം നമ്പർ കത്ത്</u>**

2017-18 വർഷം ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് 22,10,000/-രൂപ വകയിരുത്തിയിരുന്നു. ആകെ ഗുണഭോക്താക്കൾ 16. ഇവരിൽ 11 പേർ വീട്ടു നിർമ്മാണം പൂർത്തിയാക്കി. 5 പേർ പിന്മാറി ഈ പദ്ധതിക്ക് ജില്ലാ പഞ്ചായത്തു വിഹിതമായി ലഭിച്ചതിൽ 12,10,000/- രൂപ മിച്ചമുണ്ട്. ഈ തുക 2018-19-ലെ ലൈഫ് പദ്ധതിയിൽ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.3 ഞീഴൂർ ഗ്രാമപഞ്ചായത്ത്

**ബഹു. കടുത്തുരുത്തി എം.എൽ.എയുടെ 31.10.2018-ലെ കത്തും ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2018-ലെ A1 - 335/17-ാം നമ്പർ കത്തും 10.04.2018-ലെ 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ യോഗ തീരുമാനവും.**

2016-17-ൽ പഞ്ചായത്തിൽ തിരുവമ്പാടി എം.എൻ ലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം.85/17) പൊതു വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിൽ 2.00 ലക്ഷം രൂപ നൽകാനായിരുന്നു ലക്ഷ്യം. ഈ നിരക്കിൽ വീട്ടു പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് ഇനിയുള്ള നിർമ്മാണ ഘട്ടത്തിന് ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവു നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ യോഗത്തിൽ അനുമതി നൽകിയിരുന്നു. 2016-17-ലെ നിരക്കായ 2.00 ലക്ഷം രൂപ പൂർണ്ണമായി നൽകി കഴിഞ്ഞു. എന്നാൽ വീടിന്റെ തേപ്പ്, സിമന്റിടൽ തുടങ്ങിയവ നടന്നില്ല. ഇത്തരം പ്രവൃത്തികൾക്ക് കൂടി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇനിയും നടത്തേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാകുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ അധിക തുക കൂടി നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.11.2018-ലെ 370/18/DPC/DPO/IDK - നമ്പർ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2018-ലെ CA 228/18-ാം നമ്പർ കത്തും.**

ജില്ലാ പഞ്ചായത്ത് 2017-18-ൽ ഉൾപ്പെടുത്തിയിരുന്നതും എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചതുമായ 23 പ്രോജക്ടുകൾ 2018-19-ൽ കാറ്റഗറി - 1-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നു. ഇത് സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് അറിയാതെ ഒഴിവാക്കപ്പെടുകയുണ്ടായി. ഈ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ ക്രമീകരണമുണ്ടാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിനുള്ള ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി എന്നാൽ ഇപ്രകാരം സ്പിൽ ഓവറായി പ്രോജക്ടുകൾ ഉൾപ്പെടുത്തുമ്പോൾ കാറ്റഗറി-1 സ്പിൽഓവറായി ഉൾപ്പെടുത്താവുന്നതാണോ എന്ന് ഡി.പി.ഒ/പെർഫോർമൻസ് ഓഡിറ്റ് വിഭാഗം സാക്ഷ്യപ്പെടുത്തണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്**
**2) ജില്ലാ പ്ലാനിംഗ് ഓഫീസർ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.5 പന്തളം ബ്ലോക്ക് പഞ്ചായത്ത്

**ഗ്രാമവികസന കമ്മീഷണറുടെ 24.10.2018-ലെ DP 4/9147/18/CRD നമ്പർ കത്തും പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.04.2018-ലെ കത്തും 27.02.2018-ലെ 5(5)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പന്തളം ബ്ലോക്ക് പഞ്ചായത്തും കുളനട ബ്ലോക്ക് പഞ്ചായത്തും സംയോജിപ്പിച്ച് ഒരൊറ്റ ബ്ലോക്ക് പഞ്ചായത്തായി മാറ്റിയപ്പോൾ പന്തളം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും അത് സ്ഥിതി ചെയ്യുന്ന സ്ഥലവും ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലായി. ഇപ്പോൾ ഈ കെട്ടിടത്തിൽ ഗ്രാമ ന്യായാലയം പ്രവർത്തിക്കുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിട്ടുകിട്ടിയ സ്ഥാപനങ്ങളായ CDPO ഓഫീസ്, ക്ഷീര വികസന ഓഫീസും ഇവിടെ പ്രവർത്തിക്കുന്നു. ഈ കെട്ടിടം മെയിന്റനൻസ് നടത്താൻ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ട്, വികസന ഫണ്ട് ഇവ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. ഈ കെട്ടിടം മുൻപ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ആയിരുന്നതിനാൽ ഇതിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറിൽ നിന്ന് തിരികെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

## 4.6 ശ്രീ. സി. ശാന്തകുമാരൻ നായർ, അനുഗ്രഹ, മണക്കാല, പത്തനംതിട്ടയുടെ കത്തും

**(ലഭിച്ചത് 27.04.2017) ശ്രീ. പി.എസ്. സതീഷ് കുമാർ അംബിക വിലാസം, അടൂർ യുടെ 21.05.2018-ലെ കത്തും. (LSGD - DA1 - 285/17/LSGD)**

എല്ലാ തദ്ദേശ ഭരണ സ്ഥാപനതലത്തിലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ ആസൂത്രണസമിതികൾ രൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ വൈസ് ചെയർമാനായി വിദഗ്ദ്ധനായ ഒരു സന്നദ്ധ പ്രവർത്തകനെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ് എന്നും നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ നിശ്ചയിക്കുന്നവർക്ക് ഓണറേറിയം അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**
1) ഈ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു.
2) എന്നാൽ 21.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ച പ്രകാരം ഇവർക്ക് അർഹമായ റ്റി.എ തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഇതിനുള്ള ഉത്തരവ് വകുപ്പിൽ നിന്ന് ഉടനെ നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.7 കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2018-ലെ കത്തും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2018-ലെ A2-648/18-ാം നമ്പർ കത്തും (SRG 966/18-CC 270/18)**

***പ്രോ.നം. 84/17*** ***അടങ്കൽ 12,00,000/- രൂപ***

***പേര് - നെല്ല് കൃഷി ജലസേചനത്തിന് പെട്ടിയും പറയും മോട്ടോറും***

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പെട്ടിയും പറയും എന്ന പ്രോജക്ടിനു പകരം പമ്പ് സെറ്റ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018-ല യോഗത്തിൽ ഇത് പരിഗണിച്ചിരുന്നുവെങ്കിലും ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചിരുന്നു. പെട്ടിയും പറയും പകരം ഹൈ എഫിഷ്യൻസി പമ്പുസെറ്റാണ് നല്ലതെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**തീരുമാനം :-** ഹൈ എഫിഷ്യൻസി പമ്പ് ആയിരിക്കണം നൽകേണ്ടതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

### 4.8 കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2018-ലെ കത്തും കരുനാഗപ്പള്ളി മുനിസിപ്പൽ സെക്രട്ടറിയുടെ 29.10.2018-ലെ P1- 11805/18-ാം നമ്പർ കത്തും. (SRG 978/18/CC364/18)**

വീട് വാസയോഗ്യമാക്കുന്ന പദ്ധതിയിൽ താഴെപ്പറയുന്ന നിബന്ധന ഒഴിവാക്കണമെന്നു സംബന്ധിച്ച്

(i) ഇതിനായി നൽകുന്ന ധനസഹായം ഭാര്യയുടേയും ഭർത്താവിന്റേയും ജോയിന്റ് അക്കൗണ്ടിലേയ്ക്കാകണമെന്ന നിബന്ധന ഒഴിവാക്കണം.

(ii) ധനസഹായം നൽകുന്നതിന് പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിയണമെന്ന നിബന്ധന 5 വർഷമായി കുറയ്ക്കണം

**തീരുമാനം :-** (i) ജോയിന്റ് അക്കൗണ്ട് വേണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം ഒഴിവാക്കുന്നു.

(ii) 8 വർഷമെന്ന കാലപരിധി കുറയ്ക്കണമെന്ന ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.9 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2018-ലെ കത്തും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2018-ലെ കത്തും (SRG -986/18-CC 268/18)**

ബ്ലോക്ക് പഞ്ചായത്തിൽ (താമരക്കുളം ഗ്രാമപഞ്ചായത്തിൽ) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഹരിത കർമ്മസേനാംഗങ്ങൾക്ക് യൂസർ ഫീ പിരിക്കാൻ ഗ്രാമപഞ്ചായത്തുകൾ സമ്മതിക്കുന്നില്ല. ഷ്രെഡ്ഡു ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി

വാങ്ങുന്നില്ല. അതിനാൽ യൂസർ ഫീ വാങ്ങാനും അതിൽ നിന്ന് ഹരിത കർമ്മസേനാംഗങ്ങൾക്ക് (5 പേർ) വേതനം നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** 1) യൂസർ ഫീ വാങ്ങാവുന്നതാണ്. വേതനം യൂണിറ്റിന്റെ വരുമാനത്തിൽ നിന്നുതന്നെ കണ്ടെത്തണം.

2) ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് പ്രവൃത്തിക്ക് ഉപയോഗിക്കാനായി വാങ്ങണം. ഇതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. ഗ്രാമവികസന കമ്മീഷണർ ഈ പ്രശ്നം പരിഹരിക്കാൻ ഇടപെടണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**ഗ്രാമവികസന കമ്മീഷണർ**

## 4.10 ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ31.10.2018-ലെ കത്തും ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2018-ലെ A2 - 4155/2018-ാം നമ്പർ കത്ത്. (SRG 992/18/ CC 344/18)**

***പ്രോ.നം. 84/19 അടങ്കൽ 8,00,000/- രൂപ***
***( ഇതിൽ 50 % ഗുണഭോക്തൃ വിഹിതം)***

***പേര് - വാട്ടർ കണക്ഷൻ ലഭിക്കാത്ത വീടുകളിൽ വാട്ടർ പ്യൂരിഫയർ***

വാട്ടർ കണക്ഷൻ ലഭിക്കാത്ത 50 കുടുംബങ്ങളിൽ വാട്ടർ പ്യൂരിഫയർ നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.11 തൃശ്ശൂർ കോർപ്പറേഷൻ

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.10.2018-ലെ കത്തും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 10.08.2018-ലെ കത്തും**

***പ്രോ.നം. 261/18 അടങ്കൽ 4.00 കോടി രൂപ***

***പേര് - ലക്ഷം വീട് ഒറ്റവീടാക്കൽ***

കോർപ്പറേഷൻ പരിധിയിലെ OLH പദ്ധതിയിലെ 100 ഇരട്ട വീടുകൾ ഒറ്റ വീടാക്കാനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. (ബഹു. വർഷ പ്രോജക്ട്) ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി)) വകുപ്പ്**

## 4.12 ഏഴുപുന്ന ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.10.2018-ലെ കത്തും ഏഴുപുന്ന ഗ്രാമപഞ്ചായത്തിന്റെ 09.10.2018-ലെ 1(4)-ാം നമ്പർ ഭരണസമിതി തീരുമാനവും

***പ്രോ.നം. 43/19 അടങ്കൽ 8,00,000/- രൂപ***

***പേര് - കക്കൂസ് മെയിന്റനൻസ്***

160 പേർക്ക് 5000/- രൂപ വീതം നൽകി കക്കൂസ് മെയിന്റനൻസിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.16 ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.13 ആലപ്പാട് ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.11.2018-ലെ കത്തും ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 12.10.2018-ലെ 2(11) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1020/18 CC 436/18)

***പ്രോ.നം. 34/19 അടങ്കൽ 4,84,800/- രൂപ ( ഇതിൽ 50% വിഹിതം)***

***പേര് - മുട്ടക്കോഴിയും കൂട്ടും***

മുട്ടക്കോഴിയും കൂട്ടും എന്ന പദ്ധതിയിൽ കൂടിനുള്ള സബ്സിഡി 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.14 ആലത്തൂർ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2018-ലെ കത്ത്

കാട്ടുശ്ശേരി, വെങ്ങന്നൂർ സ്കൂളുകളിലേയ്ക്ക് MLASDF പദ്ധതിയിൽ വാൻ വാങ്ങി നൽകിയിട്ടുണ്ട്. ഈ വാനിന് ഭാവിയിൽ വരുന്ന ഇൻഷ്വറൻസ് തുക, ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം എന്നിവ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.15 അടിമാലി ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്തും അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2018-ലെ A3-10900/2017-നമ്പർ കത്ത്

***പ്രോ.നം. 30/18 അടങ്കൽ 9,38,000/-രൂപ***

***പേര് - വീടുകളിൽ ദ്രവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ***

ബാത്ത് റൂമിൽ നിന്നുള്ള മലിന ജലം പി.വി.സി. പൈപ്പ്, സോക് പിറ്റ്, എയർ പൈപ്പ്, എന്നിവ സ്ഥാപിച്ച് മണ്ണിലേയ്ക്ക് വിടുന്ന സംവിധാനമുള്ള പ്രോജക്ടിന്

അംഗീകാരം ലഭിച്ചിട്ടുണ്ട്. പരമാവധി ചെലവ് 10,000/- രൂപ 50 ശതമാനം സബ്സിഡി നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.16 ഫറോക്ക് മുനിസിപ്പാലിറ്റി

**കോഴിക്കോട് ജില്ലാ കളക്ടറുടെ 16.10.2018-ലെ 53063/2015/DPC/DPO/KKD/നമ്പർ കത്ത്**

ഗ്രാമീണ മേഖലയിലെ ഭവന നിർമ്മാണ പ്രോജക്ടുകൾ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറാണ് വെറ്റ ചെയ്യുന്നത്. എന്നാൽ നഗരസഭകളുടെ (ഫറോക്ക് മുനിസിപ്പാലിറ്റി) ഭവന നിർമ്മാണ പ്രോജക്ടുകൾ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ വെറ്റ ചെയ്യുന്നില്ല എന്നും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.10 ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.17 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.11.2018-ലെ 2398/D/2015/SM നമ്പർ കത്ത്

നിലവിലെ മാർഗ്ഗരേഖ പ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്ക് താഴെ പറയും പ്രകാരമാണ്

| ക്രമ നം | ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി ഗ്രാന്റ് | തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം. പട്ടികജാതി വിഭാഗം 3 ലക്ഷം. പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
| **ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ - ഗാർഹികതലം - കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്)** | | | | | | | | |
| 1) | (എ) പൊതു വിഭാഗം | യൂണിറ്റ് കോസ്റ്റിന്റെ 50% | 25% | 25% മുതൽ 50% വരെ | ഇല്ല | പരമാവധി 25% | 50% | • അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 20.09.2012-ലെ സ.ഉ.(കൈ)239/2012ത.സ്വ.ഭവ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്. • അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന |
| | (ബി) പട്ടികജാതി/ പട്ടികവർഗ്ഗം | യൂണിറ്റ് കോസ്റ്റിന്റെ 75% | 37.5% | 37.5% | ഇല്ല | പരമാവധി 37.5% | 25% | |

ഇതു താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിക്കണമെന്നും വരുമാന പരിധി എടുത്തു കളയണമെന്നതു സംബന്ധിച്ച്

| ക്രമ നം | ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി ഗ്രാന്റ് | തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വഹിതം | | ഗുണഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ - ഗാർഹികതലം - കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) | | | | | | | | |
| 1) | (എ) വീട്ടുകൾക്കുള്ള വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾ | യൂണിറ്റ് കോസ്റ്റിന്റെ 90% | 60% മുതൽ 90 % വരെ | 60% മുതൽ 90 % വരെ | പരമാവധി 30% | പരമാവധി 30% | 10% | • അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസി ഫിക്കേഷനുകളും 20.09.2012-ലെ സ.ഉ .(കൈ)239/2012 ത.സ്വ.ഭവ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.<br>• അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന<br>• ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7,200/- രൂപയ്ക്ക് അധികരിച്ച് വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ്. |
| | (ബി) ഗാർഹിക ബയോ ഗ്യാസ് പ്ലാന്റുകൾ | യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/- രൂപ ഇതിലേതാണോ കുറവ് | 60% മുതൽ 90 % വരെ | 60% മുതൽ 90 % വരെ | പരമാവധി 30% | പരമാവധി 30% | 10% | |

**തീരുമാനം :-** 1) പുതിയ നിരക്ക് 2019-20 മുതൽ പ്രാവർത്തികമാക്കിയാൽ മതിയെന്ന നിബന്ധനയോടെ അംഗീകരിച്ചു.

2) വരുമാന പരിധിയിൽ മാറ്റം വരുത്തണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.18 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 10.07.2018-ലെ കത്തും (SRG -1044/18-CC - 470/2018)**

***പ്രോ.നം 109/19 അടങ്കൽ 10,00,000/- രൂപ***

***പേര്:- കാട്ടിക്കുളം ഗവ. എച്ച്.എസ്.എസിന് കെട്ടിടം***

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുളം ഗവ. എച്ച്. എസ്.എസിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് 10.00 ലക്ഷം രൂപ കൈമാറുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.19 തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്തും തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.11.2018-ലെ C4-5616/17-ാം നമ്പർ കത്ത് (SRG 1039/18 CC - 490/2018)**

***പ്രോ.നം 185/19 അടങ്കൽ 20,00,000 (CFC - 2.00 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 18.00 ലക്ഷം രൂപ)***

***പേര് :- ആധുനിക വാതക ശ്മശാന ഫർണസ് നിർമ്മാണം***

2018-19 -ലെ സ്പിൽ ഓവർ പ്രോജക്ടായ ആധുനിക വാതക ശ്മശാന ഫർണസ് നിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവ്വഹണ രീതി ടെണ്ടറിൽ നിന്നും അക്രഡിറ്റഡ് ഏജൻസി മുഖേന (കോസ്റ്റ് ഫോർഡ്) ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. റീ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.20 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.11.2018-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2018-ലെ C3- 2336/17- ാം നമ്പർ കത്തും** (SRG-1024/18 CC/448/2018)

***പ്രോ.നം 461/19 അടങ്കൽ 50 ലക്ഷം രൂപ***

***പേര് :- ജില്ലാ പഞ്ചായത്ത് ISO സർട്ടിഫിക്കേഷനും ആധുനിക വൽക്കരണവും***

ജില്ലാ പഞ്ചായത്ത് ISO സർട്ടിഫിക്കേഷനും ആധുനികവൽക്കരണവും എന്ന പ്രോജക്ടിന്റെ നിർവഹണം നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിനെയാണ് തീരുമാനിച്ചിരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് ജോലി തിരക്കുള്ളതിനാൽ ഈ പ്രോജക്ടിന്റെ നിർവഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രയെ നിശ്ചയിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ടിന്റെ വിശദാംശങ്ങൾ, ഘടകങ്ങൾ എന്നിവ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.21 പൊൽപ്പള്ളി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2018 -ലെ കത്തും പൊൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2018-ലെ A3/720/17-ാം നമ്പർ കത്ത് (SRG 1026/18/ CC 336/2018)

***പേര് :- ചൂരിക്കാട് കുടിവെള്ള പദ്ധതി വൈദ്യുതിക്കരം കുടിശ്ശിക അടയ്ക്കൽ***

പൊൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ 126 ഓളം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ചൂരിക്കാട് കുടിവെള്ള പദ്ധതിക്കു 1.00 ലക്ഷത്തോളം രൂപ വൈദ്യുതിക്കരം കുടിശ്ശികയുണ്ട്. ഇത് അടയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് കഴിയില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. പിഴപലിശ ഒഴിവാക്കുന്നതിന് KSEBയുമായി പഞ്ചായത്ത് ചർച്ച നടത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

4.22 ആലത്തൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2018-ലെ കത്തും ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ 04.10.2018-ലെ 1(2) -ാം നമ്പർ ഭരണസമിതി തീരുമാനവും** (CC -429/2018)

***പ്രോ.നം 209/19 അടങ്കൽ - 2.00 ലക്ഷം രൂപ (തനത് ഫണ്ട്)***

***പേര് :- വിവിധ പ്രദേശങ്ങളിൽ സി.സി. ക്യാമറ സ്ഥാപിക്കൽ***

പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CC TV സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. സ്പോൺസർ ഉണ്ടെങ്കിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.23 വിതുര ഗ്രാമപഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.10.2018-ലെ കത്ത് (CC/258/2018)

***പ്രോ.നം 75/19 അടങ്കൽ - 14.4 ലക്ഷം രൂപ***

***പേര് :- സോളാർ ഫെൻസിംഗ്***

വന്യമൃഗ ശല്യം കാരണം കൃഷി ചെയ്യാൻ കഴിയാത്തതിനാൽ സോളാർ ഫെൻസിംഗിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. 1 ഏക്കറിന് 60,000/- രൂപയാണ് ചെലവ്. 54,000/- രൂപ വികസന ഫണ്ടും, 6,000 രൂപ ഗുണഭോക്തൃ വിഹിതവും. ഈ പ്രോജക്ടിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഈ പ്രോജക്ടിന്റെ നിർവഹണ സാധ്യതയും വിജയ സാധ്യതയും സംബന്ധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അഭിപ്രായം സഹിതം സമർപ്പിക്കണം. പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.24 പൊയ്യ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്തും പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 04.10.2018-ലെ 2(15)-ാം നമ്പർ ഭരണസമിതി തീരുമാനവും** (CC /279/2018)

***പ്രോ.നം 209/18 അടങ്കൽ 1,20,000/- രൂപ***

***പേര് :- നീർത്തട മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കൽ - അധിക തുക അനുവദിക്കുന്നത്***

29.01.2018-ലെ സ.ഉ.(സാധാ)നം.256/2018/തസ്വഭവ പ്രകാരം ഒരു നീർത്തടത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 15,000/- രൂപ നിരക്കിൽ പരമാവധി 30,000/- രൂപ ചെലവഴിക്കാവുന്നതാണ്. റിപ്പോർട്ട് തയ്യാറാക്കാൻ ഒരു നീർത്തടത്തിന് 1500 രൂപയും ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ആകെ 8 നീർത്തടങ്ങൾ ഉണ്ട്. ഈ സാഹചര്യത്തിൽ ഓരോ നീർത്തടത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 15,000/- രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇത്രയധികം നീർത്തടങ്ങൾ ഒരു ഗ്രാമപഞ്ചായത്തിൽ ഉണ്ടാകാൻ സാധ്യത ഇല്ലെന്ന് MGNREGS എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. പല നീർത്തടങ്ങളും

പരസ്പരം സംയോജിപ്പിക്കാവുന്നതാണോ എന്നു പരിശോധിക്കണം. ഇതിന്മേൽ ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.25 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2018-ലെ കത്ത് (CC/292/2018)**

ഐ.ഐ.വൈ പദ്ധതിയിൽ ഗ്രാമ - ബ്ലോക്ക്- ജില്ലാ വിഹിതമായി ലഭിച്ച തുകയിൽ പലിശ ഉൾപ്പെടെ 2,19,44,049/- രൂപ ബാക്കി ഉണ്ട്. ഈ തുക ഉപയോഗിച്ച് അഗതികൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, അനാഥർ/വിധവകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന 52 പേർക്ക് ഭവനം നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് ലിസ്റ്റു പ്രകാരം ഭവനം നിർമ്മിച്ചു നൽകാൻ ഫണ്ടിന്റെ കുറവുണ്ടോ എന്നു കൂടി പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.26 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 14.09.2018-ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ BT 11045/18-ാം നമ്പർ കത്തും (SRG 1046/18 LSGD - DB3/250/18/LSGD)**

***പ്രോ.നം 11/19 അടങ്കൽ 8.00 ലക്ഷം രൂപ***

***പേര് :- ഹരിത കർമ്മസേനയ്ക്ക് വാഹനം***

8.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പ്രദേശങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് കളക്ഷൻ സെന്ററിൽ എത്തിക്കുന്നതിനായി 8.00 ലക്ഷത്തിൽ കുറയാത്ത വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വാഹനം സംബന്ധിച്ച വിശദാംശം, വാഹനത്തിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3) **എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ**

**4.27 പന്തളം നഗരസഭ**

**നഗരകാര്യ ഡയറക്ടറുടെ 20.07.2018-ലെ കത്തും പന്തളം നഗരസഭാ സെക്രട്ടറിയുടെ 26.02.2018-ലെ PL-605/17-ലെ കത്തും (SRG 1045/18)**

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന അർച്ചനപ്പടി മൈമടന്നൂർ റോഡ് ഇന്റർ ലോക്ക് പാകുക (പ്രോനം.156/19) എന്ന പ്രോജക്ട് അബദ്ധവശാൽ സുലേഖ സോഫ്റ്റ് വെയറിൽ ഡ്രോപ്പായി പ്പോയി . പ്രസ്തുത പ്രോജക്ടിന് എഗ്രിമെന്റ് വച്ചതാണ്.

ഇത് 2018-19-ലെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.28 മാങ്കുളം ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്ത് ( SRG1033/18 CC 467/18)

***പ്രോ.നം 96/19 അടങ്കൽ 5,00,000/- രൂപ***

***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്***

***പേര് :- മാങ്കുളം സെന്റ് മേരീസ് യു.പി.എസിന് സ്മാർട്ട് ക്ലാസ് റൂം***

പട്ടികവർഗ്ഗ സങ്കേതത്തിനു സമീപത്തുള്ള സ്കൂൾ ആയതിനാൽ മാങ്കുളം സെന്റ് മേരീസ് UPS -ന് സ്മാർട്ട് ക്ലാസ്സ് റൂം പണിയുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-**
1) നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഈ പ്രോജക്ടിന് ഉപയോഗിക്കാവുന്നതല്ല.
2) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ കൂടുതൽ ഉണ്ട് എങ്കിൽ തനത് ഫണ്ടോ വികസനഫണ്ടോ (ജനറൽ) ഉപയോഗിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.29 കുമളി ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്തും കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2018-ലെ A2-10642/18-ാം നമ്പർ കത്തും )

***പ്രോ.നം 160/19 അടങ്കൽ 2,00,000/- രൂപ (സി.എഫ്.സി)***

***പേര് :- മാലിന്യ സംസ്കരണ ഉപകരണങ്ങളുടെ മെയിന്റനൻസ്***

പ്രളയത്തെ തുടർന്ന് പഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റ് തകർന്നു. ഇതിന്റെ ഇൻസിനറേറ്റർ മാറ്റി സ്ഥാപിക്കണം. അതിനായി നിലവിലെ പ്രോജക്ടിന്റെ അടങ്കൽ 2.00 ലക്ഷത്തിൽ നിന്ന് 10.00 ലക്ഷമാക്കി പ്രോജക്ട് ഭേദഗതി ചെയ്യാനും പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ (കോസ്റ്റ് ഫോർഡ്) ഏൽപ്പിക്കാനും അനുമതി സംബന്ധിച്ച് .

**തീരുമാനം :-** വാർഷിക പദ്ധതി ഭേദഗതിക്കാവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. ശുചിത്വ മിഷന്റെ കൂടി അംഗീകാരത്തോടെ നിർവഹണ ഏജൻസിയെ നിശ്ചയിക്കണം. കോസ്റ്റ് ഫോർഡ് ഇത്തരം പ്രവൃത്തികളുടെ അക്രഡിറ്റഡ് ഏജൻസിയല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.30 Kerala Electrical and Alliance Engineering Co.LTD (KEL)

KEL മാനേജിംഗ് ഡയറക്ടറുടെ 12.11.2018-ലെ MD 11/LSGD/62/2018-ാം നമ്പർ കത്ത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി KEL നെ നിശ്ചയിക്കണമെന്ന് സംബന്ധിച്ച്.

**തീരുമാനം :-** ധന വകുപ്പിന്റെ 25.07.2017-ലെ 95/2017/ഫിൻ നമ്പർ ഉത്തരവ് പ്രകാരം KEL ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റാണ്. 03.08.2018-ലെ ധനകാര്യ വകുപ്പിന്റെ 118/2018 നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31 ശുചിത്വ മിഷൻ**

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.11.2018-ലെ 2398/D/18/2015/SM നമ്പർ കത്ത്**

ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് ആദ്യത്തെ 6 മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഹരിത കർമ്മസേനയ്ക്ക് 6 മാസത്തെ പ്രവർത്തനം കൊണ്ട് യൂസർ ഫീ മാത്രം ശേഖരിച്ച് ഹരിത കർമ്മ സേനയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല എന്നും അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് 6 മാസത്തേയ്ക്കു കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാൻ അനുമതി നൽകണമെന്നും ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ ധന വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് തീരുമാനമെടുക്കാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

**4.32 മരട് മുനിസിപ്പാലിറ്റി**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2018-ലെ കത്തും മരട് മുനിസിപ്പൽ സെക്രട്ടറിയുടെ 1311.2018-ലെ E3-11602/18-ാം നമ്പർ കത്ത്**

***പ്രോ.നം 378/18 അടങ്കൽ 10,00,000/- രൂപ (വികസന ഫണ്ട്)***
***പേര് :- പകൽ വീട് പൂർത്തീകരണം***

2017-18 വാർഷിക പദ്ധതിയിൽ പകൽ വീട് നിർമ്മാണം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇത് 2018-19-ലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ വിട്ടുപോയി. പ്രവൃത്തി പൂർത്തിയായി. സ്പിൽഓവറായി ഉൾപ്പെടുത്താനുള്ള ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

4.33 **ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29.10.2018-ലെ NHM/5439/CSD /2018/SPMSU നമ്പർ കത്ത്**

പ്രൈമറി ഹെൽത്ത് സെന്ററിന്റേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റേയും നേതൃത്വത്തിൽ പല ആരോഗ്യ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. അതിൽ പ്രധാനം രോഗ പ്രതിരോധം, രോഗ ചികിത്സ, ആരോഗ്യ പരിപോഷണം പുനരധിവാസം, സാന്ത്വന പരിപാലനം തുടങ്ങിയവയാണ്. ഇത്തരം പ്രവർത്തനം വാർഡ് തലത്തിലും പഞ്ചായത്ത്/ മുനിസിപ്പൽ തലത്തിലും അവലോകനം നടത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തണം. ഇതു സംബന്ധിച്ച് സർക്കാർ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** NHM ന്റെ പ്രതിനിധികൾ യോഗത്തിൽ ഹാജരായിരുന്നില്ല. പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.34 **തഴക്കര ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2018-ലെ കത്തും തഴക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31.07.2018-ലെ 14(1) -ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം 13/19 അടങ്കൽ 4,60,000/- രൂപ (വികസനഫണ്ട്)***
***(SCP) - 4,58,000/- രൂപ***
***തനത് ഫണ്ട് 2,000/- രൂപ)***

***പേര് :- ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ***

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തീരദേശമായതിനാൽ പ്രത്യേക അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.35 **പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്തും. പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.10.2018-ല 1(1) -ാം നമ്പർ തീരുമാനവും അനുബന്ധ കുറിപ്പും**

***പ്രോ.നം 139/19 അടങ്കൽ 1,79,779/- രൂപ***

***പേര് :- സ്മാർട്ട് അംഗനവാടി (നം.155)***

നിലവിൽ കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തനം നടന്നുവരുന്ന അംഗനവാടിക്ക് മികച്ച സൗകര്യമൊരുക്കുന്നതിനുള്ള പ്രോജക്ട നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച് . കമ്പ്യൂട്ടർ, UPS, ബേബി പെയിന്റിംഗ്സ് , കൂൾ ഫാൻ, ഓഡിയോ സിസ്റ്റം, ബേബി ചെയർ/ടേബിൾ, ഇലക്ട്രിഫിക്കേഷൻ മുതലായവയ്ക്കാണ് തുക വകയിരിത്തിയിരിക്കുന്നത്.

**തീരുമാനം:-** ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറി നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.36 വാഴക്കുളം ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2018-ലെ കത്തും വാഴക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.07.2018-ലെ B4-50/18-ാം നമ്പർ കത്തും (CC 164/18)**

എം.എൻ ലക്ഷം വീട് ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽ മിച്ചമുള്ള 55,03,847/- രൂപ പഞ്ചായത്ത് വാഴക്കുളം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.37 ചേംബർ ഓഫ് മുനിസിപ്പൽ ചെയർ പേഴ്സൺ ചെയർമാന്റെ 13.11.2018-ലെ കത്ത്**

സംസ്ഥാന മുനിസിപ്പൽ ഹൗസിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി നവീകരിക്കാനായി എല്ലാ നഗരസഭകളും 3,00,000/- രൂപ വീതം അടുത്ത സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.38 കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്**

വന മേഖലയായതിനാൽ റോഡ് ടാറിംഗിന് വനം വകുപ്പ് അനുവദിക്കുന്നില്ലെന്നും അതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പഞ്ചായത്തിന്റെ റോഡുകൾ കോൺ ക്രീറ്റിംഗ് നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വന മേഖലയിൽ മാത്രമായി താഴെപ്പറയുന്ന നിബന്ധനയോടെ നടപ്പാക്കാൻ അനുമതി നൽകുന്നു. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ നിലവിലെ ഉത്തരവനുസരിച്ച് മറ്റു റോഡുകൾക്ക് അറ്റകുറ്റപ്പണിയില്ലായെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഇതനുസരിച്ച് ഭരണസമിതി തീരുമാനവും എടുക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.39 പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്**

**പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2018-ലെ A3-457/17-ാം നമ്പർ കത്തും. 09.07.2018-ലെ 8(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (ലഭിച്ചത് 25.10.2018)**

പഞ്ചായത്തിൽ 2017-18 വർഷം മുതൽ ആയുഷ്ഹോളിസ്റ്റിക് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ രണ്ടു താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വാടക കെട്ടിടത്തിലാണ് പ്രവർത്തനം. ഇവരുടെ വേതനവും വാടകയും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.40 തഴക്കര ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2018-ലെ കത്തും തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2018-ലെ TP.P1- നമ്പർ കത്തും( SRG 982/18 CC 318/18)**

മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിലേയ്ക്ക് 25.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നു നൽകി. അതിനാൽ തനത് ഫണ്ട് ഉപയോഗിച്ച് എടുത്ത മറ്റു പ്രോജക്ടുകൾക്ക് നൽകാൻ ഫണ്ടില്ല. ഈ സാഹചര്യത്തിൽ തനത് ഫണ്ട് വകയിരിത്തിയ 4 പ്രോജക്ടുകൾ ഒഴിവാക്കുന്നതിനു 10 പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വികസനഫണ്ട് ഉപയോഗിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. മതിയായ തനത് ഫണ്ട് ലഭ്യമല്ല എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.41 The Regional Agro Industrial Development Co -operative of Kerala Ltd. (RAIDCO)

സൗരോർജ്ജ മേഖലയിലെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് റെയ്ഡ്കോയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്നു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.42നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2018-ലെ കത്തും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 23.10.2018-ലെ 1(5)ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം 82/19 അടങ്കൽ 40.00 ലക്ഷം രൂപ (വികസനഫണ്ട്)***

***പേര് :- മിനി ഡയറി യൂണിറ്റ് (പ്രവാസി)***

ബ്ലോക്ക് പഞ്ചായത്ത് ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പാക്കുന്ന മിനി ഡയറി യൂണിറ്റ് എന്ന പ്രോജക്ട് നടപ്പാക്കാൻ ഓരോ യൂണിറ്റിനും റിട്ടയർ ചെയ്ത വെറ്ററിനറി സർജൻമാരെയോ മറ്റു വെറ്റിനറി ഡോക്ടർമാരേയോ മാനേജർമാരായി നിയമിക്കണമെന്ന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് യോഗ്യതയുള്ള വെറ്ററിനറി ഡോക്ടറെ മാനേജർമാരായി നിയമിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.43 ആലത്തൂർ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2018-ലെ കത്തും ആലത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.10.2018-ലെ 5(4)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1021/18/CC 422/18)

***പ്രോ.നം 27/19*** ***അടങ്കൽ 14, 97,000 ലക്ഷം രൂപ***
***വികസനഫണ്ട് 14,90,000/- രൂപ***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 7,000/- രൂപ***

***പേര് :- ലൈഫ് മിഷൻ ഭവന പദ്ധതി SCP***

ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിന് ഭവനം നിർമ്മിച്ച നൽകാൻ 14,97,000/- രൂപ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ലൈഫ് ലിസ്റ്റിൽ SC വിഭാഗത്തിൽ ഒരാൾ മാത്രമേയുള്ളൂ. പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഇദ്ദേഹത്തിന് ഭവനം നൽകാൻ പഞ്ചായത്ത് ശുപാർശ ചെയ്തിട്ടുണ്ട്. അതിനാൽ ഈ തുക പാർപ്പിട മേഖലയിൽ മറ്റ് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. പട്ടികജാതി വികസന വകുപ്പുവഴി ധനസഹായം നൽകാൻ ബുദ്ധിമുട്ടാണെന്ന് എസ്.സി. ഡയറക്ടറേറ്റിലെ പ്രതിനിധി അറിയിച്ചു. അതിനാൽ ലൈഫ് ഗുണഭോക്താവിന് വീടു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.44 കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണസംഘം

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 08.11.2018-ലെ G2-1659/2017-ാം നമ്പർ കത്തുകൾ (2 എണ്ണം)

ഫെഡറേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ ഒരു കൺസ്ട്രക്ഷൻ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി PWD യുടെ B ക്ലാസ്സ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനെ എൽപ്പിക്കണ മെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഫെഡറേഷന്റെ ആവശ്യം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ടോടു കൂടി ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.45 ക്ലാപ്പന ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസർ ഓഫീസറുടെ 14.11.2018-ലെ കത്തും ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 08.11.2018-ലെ 11(3) -ാം നമ്പർ ഭരണസമിതി തീരുമാനവും

***പ്രോ.നം 104/19*** ***അടങ്കൽ 24,48,878 /- രൂപ***
***(വികസനഫണ്ടും KLGSDP വിഹിതവും)***

*പേര് :- പഞ്ചായത്ത് കെട്ടിട നിർമ്മാണം*

പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്റ്റിന്റെ 13,43,125/- രൂപയുടെ ബിൽ (KLGSDP) ട്രഷറിയിൽ കഴിഞ്ഞ മാർച്ചിൽ നൽകിയെങ്കിലും തുക മാറിയില്ല. ക്യൂ ബിൽ ആയി. ഈ പ്രോജക്റ്റിന് ഈ വർഷം പ്രത്യേകമായി സർക്കാർ തുക അനുവദിച്ചു. എന്നാൽ തുക ലഭിക്കില്ല എന്ന ധാരണയിൽ ഈ പ്രോജക്റ്റ് ഭേദഗതി വരുത്തി തനത് ഫണ്ട് കൂടി ഉൾപ്പെടുത്തി. അതിനാൽ പുതിയതായി അനുവദിച്ച തുക ഉപയോഗിക്കാൻ റികിസിഷൻ എടുക്കാൻ കഴിയുന്നില്ല. ഇതു പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

**4.46 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.10.2018-ലെ B1-2551/18-ാം നമ്പർ കത്ത് (LSGD -DB2/364/18-LSGD)**

പ്രളയത്തിൽ നാശനഷ്ടമുണ്ടായ എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ആവശ്യമായ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.47 കാസറഗോഡ് ജില്ലാ കളക്ടറുടെ 12.06.2018-ലെ 475/2018/DPC/DPO/KSD/ നമ്പർ കത്ത് (LSGD - DA1/772/2018-LSGD)**

കാസറഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗമായി മാറ്റപ്പെട്ട വേട്ടുവ സമുദായത്തിന് ബഡ്ജറ്റ് വിഹിതം പുനഃക്രമീകരിക്കുന്നതു വരെ പ്രത്യേക ഘടക പദ്ധതി വിഹിതം വിനിയോഗിക്കാ വുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. 2018-19-ൽ ജനസംഖ്യാനുപാതി കമായി TSP യിൽ കൂടുതൽ തുക വകയിരുത്തി. എന്നാൽ 2018-19-ൽ അനുവദിച്ചിരിക്കുന്ന എസ്.സി.പി. വിഹിതം ഉപയോഗിച്ച് കഴിഞ്ഞ വർഷത്തെ ക്യൂ ബില്ലിൽ ഉൾപ്പെട്ടതടക്കമുള്ള സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക നൽകാൻ കഴിയുന്നില്ലെന്നും ഇതിനു പരിഹാരം കാണണമെന്നുള്ളതു സംബന്ധിച്ച് .

**തീരുമാനം:-** അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ വിശദാംശം സഹിതം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.48 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2018-ലെ plg.220/2018-19/DPC/DPO/തിരു.CC നമ്പർ കത്തും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 21.10.2018-ലെ 111(1)ാം നമ്പർ തീരുമാനവും**

*പ്രോ.നം. 42/19* *അടങ്കൽ ഗ്രാമപഞ്ചായത്ത് - 19,08,000/-*

*ബ്ലോക്ക് പഞ്ചായത്ത് - 6,06,800/-*
*ഗുണഭോക്തൃ വിഹിതം - 8,40,000/-*
*ആകെ 33,84,800/-*

***പേര്- ആരോഗ്യഭവനം ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടി***

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 103 വാർഡുകളിൽ തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വർഷത്തിൽ 2 തവണ 18 വയസ്സിനു മുകളിലുള്ളവരുടെ ജീവിത ശൈലീ രോഗങ്ങളായ ബ്ലഡ് പ്ലഷർ, ഷുഗർ തുടങ്ങിയവ പരിശോധിച്ച് രോഗികളെയും രോഗ സാധ്യത ഉള്ളവരെയും കണ്ടെത്തി തുടർ ചികിത്സ ഉറപ്പ വരുത്തുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള വിഷയമാണ്. അനുമതി പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.49 **ബഹു. തിരുവമ്പാടി എ.എൽ.എയുടെ 30.08.2018-ലെ 84/18-ാം നമ്പർ കത്തും കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 06.08.2018-ലെ കത്തും.**

ചില ബ്ലോക്ക് തലത്തിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുക, തൈകൾ, കർഷകർക്ക് വിത്ത്, വളം, കീടനാശിനി ലഭ്യമാക്കുക, കാർഷിക ഉപകരണങ്ങൾ റിപ്പയർ ചെയ്യുക, സ്പെയർ പാർട്ടസുകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്നുണ്ട്. ബാങ്കിന് അഗ്രി മാർക്കറ്റിംഗ് സെന്റർ ഉണ്ട്. കർഷകർക്ക് മുകളിൽ പറഞ്ഞ സാധനങ്ങൾ വാങ്ങുന്നതിനുള്ള അംഗീകൃത ഏജൻസിയായി കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് കർഷക സേവന കേന്ദ്രത്തെ അംഗീകരിക്കുന്നതോടൊപ്പം സംസ്ഥാനത്തെ മറ്റ് ബ്ലോക്ക് കർഷക സേവന കേന്ദ്രങ്ങളെയും അംഗീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് കർഷക സേവന കേന്ദ്രത്തിൽ നൽകുന്ന ഉപകരണങ്ങൾ വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ഗുണനിലാവരമടക്കം പരിശോധിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.
2) സംസ്ഥാനത്തെ മറ്റ ബ്ലോക്ക് സേവന കേന്ദ്രങ്ങളെയും ഇത്തരം അംഗീകൃത ഏജൻസിയായി നിശ്ചയിക്കുന്നത് സംബന്ധിച്ച് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.50 **കുറവ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2018-ലെ കത്തും കുറവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.11.2018-ലെ A1-432/18-ാം നമ്പർ ഭരണസമിതി തീരുമാനവും (CC 282/18)**

***പ്രോ.നം. 190/19*** ***അടങ്കൽ 2,00,000/- രൂപ***

***പേര് :- ഭ്രാന്തൻകാവ് എസ്.സി. കോളനി ഭവന സുരക്ഷ***

എസ്.സി. ഭവനങ്ങളുടെ സുരക്ഷ എന്നത് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്. ചുറ്റുമതിൽ നിർമ്മാണം, സൈഡ് കെട്ട് തുടങ്ങിയവയാണ് പ്രവർത്തനം

**തീരുമാനം :-** ജില്ലാ ആസൂത്രണസമിതിയും വെറ്റിംഗ് ഓഫീസറും അംഗീകരിച്ച ഈ പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.51. <u>വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**<u>വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.18 ലെ കത്ത്.</u>**

സ്മാർട്ട് ക്ലാസ്സ് റൂം പണിയുന്നതിന് 25 ലക്ഷം രൂപ വകയിരുത്തി ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ സ്കൂൾ, ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലയുടെ കീഴിലുള്ള സ്കൂൾ, എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലാണ് സ്മാർട്ട് ക്ലാസ്സ് റൂം പണിയാൻ ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**(യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു)**

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
5 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
6 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7 സെക്രട്ടറി, എസ്.സി/എസ്.റ്റി വകുപ്പ്
8 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (പ്രതിനിധി)
9 ഡയറക്ടർ, നഗരകാര്യ വകുപ്പ്
10 ഗ്രാമവികസന കമ്മീഷണർ
11 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
12 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
13 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം(പ്രതിനിധി)
14 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
16 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
17 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ(പ്രതിനിധി)
18 മിഷൻ, ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ
19 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
20 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ